പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5751 27/10/2011-ൽ മറുപടിക്ക്

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം

ചോദ്യം
ശ്രീ. സി.പി. മുഹമ്മദ്

മറുപടി
ശ്രീ .കെ .സി ജോസഫ്
ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

(എ) കഴിഞ്ഞ അഞ്ചുവർഷം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലും പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമനം നേടിയവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(എ) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിയമിച്ചവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ. വി.രാമചന്ദ്രൻ - പ്യൂൺ
2.ശ്രീ. കെ.റ്റി.കൊച്ചുമോൻ - പ്യൂൺ
3.ശ്രീമതി. പി.കെ.ലീലാമണി അമ്മ - പ്യൂൺ
4.ശ്രീ. ബി.എസ്. പ്രദീപ് കുമാർ - അക്കൗണ്ടന്റ്
5.ശ്രീ. എസ്.സുനിൽ - ഡി.റ്റി.പി.ഓപ്പറേറ്റർ
6.ശ്രീ. എസ്.സജിലാൽ - ഡി.റ്റി.പി.ഓപ്പറേറ്റർ
7. ശ്രീമതി .എസ് .താര - ഡി.റ്റി.പി.ഓപ്പറേറ്റർ
8.ശ്രീ. കെ.എസ് പത്മകുമാർ - സെയിൽസ് അസ്സിസ്റ്റന്റ്
9.ശ്രീ. .വി.അനിക്കുട്ടൻ - ഡ്രൈവർ
10.ശ്രീമതി .എസ് .രജനി - പ്യൂൺ

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ,വിജ്ഞാനമുദ്രണം പ്രസ്സിലുമായി നിയമിതരായവരുടെ പേരുകൾ ചുവടെ ചേർക്കുന്നു.

1.ശ്രീ. അജി.കെ .വർഗ്ഗീസ് - എൽ.ഡി.സി.
2.ശ്രീ. വി.വിനോദ് കുമാർ - എൽ.ഡി.സി.
3.ശ്രീമതി. എം .പി.ബീന - എൽ.ഡി.സി.
4.ശ്രീമതി .എം .നഫ് ബത്ത് - പ്യൂൺ
5.ശ്രീ. എ.പി .രാധാകൃഷ്ണൻ - ഗോഡൗൺ കീപ്പർ
6.ശ്രീ. ബി.രമേഷ്. - പ്യൂൺ/പായ്ക്കർ
7. ശ്രീ.എൽ.എസ് .ലജീഷ് - ഡി.റ്റി.പി.ഓപ്പറേറ്റർ
8.ശ്രീമതി.എം വസന്ത - പ്യൂൺ
9.ശ്രീ. അനീഷ്.വി- പ്യൂൺ

10.ശ്രീമതി .ലൂർദമ്മ - ബയൻറ്റർ

(ബി) സാംസ്കാരിക സ്ഥാപനങ്ങളിലെ നിയമനം പി.എസ്.സി. ക്ക് വിട്ടുകൊണ്ട് ഉത്തരവുണ്ടായിട്ടും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും ഇവരെ നേരിട്ട് നിയമനം നടത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ മേലധികാരികൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലേയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലേയും നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊണ്ട് ഉത്തരവായെങ്കിലും സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിന്റെ നടപടികൾ സർക്കാരിന്റെ പരിഗണനയിലായതിനാൽ പി.എസ്.സി. നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ല.25.9.08 - ലെ സ.ഉ (കൈ)നം.22/08/CAD,30.10.08 - ലെ സ.ഉ (കൈ)നം.26/08/CAD, 02.11.2010 - ലെ സ.ഉ (എം.എസ് ) നം.37/10/CAD എന്നീ ഉത്തരവുകൾ പ്രകാരമാണ് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ ടി ജീവനക്കാരെ സ്ഥിരപ്പെടുത്തിയത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്ക് നീങ്ങാതിരിക്കുവാൻ ജീവനക്കാരുടെ ആവശ്യകതയനുസരിച്ച് ദിവസവേതനത്തിലും മറ്റും ജീവനക്കാരെ നിയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്.

(സി) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേനയല്ലാതെ നിയമനം നേടിയവർക്ക് ശമ്പള സ്കെയിലുകൾ അനുവദിച്ച് നൽകിയത് എന്തു മാനദണ്ഡത്തിലാണെന്ന് വ്യക്തമാക്കാമോ ?

(സി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിതരായ ജീവനക്കാർക്ക് സർക്കാരിൽ നിന്നും ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാർക്ക് അനുവദിച്ച ശമ്പളകമ്മീഷൻ ഓർഡർ പ്രകാരമുള്ള ശമ്പള സ്കെയിലുകൾ പ്രകാരമാണ് നൽകിയിരിക്കുന്നത്.ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാർക്ക് ശമ്പള സ്കെയിലുകൾ അനുവദിച്ച നൽകുന്നതിൽ 28.5.2009 - ലെ സ്റ്റാന്റിങ്ങ് കമ്മിറ്റി യോഗം ഇനം 22 പ്രകാരം അജണ്ട കുറിപ്പ് തയ്യാറാക്കി തീരുമാനം എടുക്കുകയായിരുന്നു.

(ഒപ്പ്)

സെക്ഷൻ ഓഫീസർ